LIBRARY ARCHIVES Kerala Legislative Assembly

കെ.എസ്.ഇ.ബി.-യുടെ ജി.ഐ.എസ് സബ്സ്റ്റേഷനുകൾ

226(5385) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യുടെ ജി.ഐ.എസ് സബ്സ്റ്റേഷനുകളുടെ പ്രത്യേകത എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

സബ്സ്റ്റേഷൻ നിർമ്മിക്കാൻ കുറഞ്ഞ സ്ഥല ആവശ്യകത, അറ്റകുറ്റപ്പണികൾക്കുള്ള കുറഞ്ഞ ചിലവ്, താരതമ്യേന തകരാർരഹിത പ്രവർത്തനം എന്നിവയാണ് ജി.ഐ.എസ് സബ്സ്റ്റേഷനുകളുടെ പ്രധാന പ്രത്യേകതകൾ. മുൻകാലങ്ങളിൽ ജി. ഐ. എസ് സബ്സ്റ്റേഷനുകളുടെ നിർമ്മാണച്ചെലവ് സാധാരണ എ.ഐ.എസ് സബ്സ്റ്റേഷനുകളെ അപേക്ഷിച്ച് വളരെ കൂടുതലായിരുന്നുവെങ്കിലും ഇപ്പോൾ ചെലവുകൾ താരതമ്യം ചെയ്യാവുന്ന നിലയിലേയ്ക്കെത്തിയിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് ഏതെല്ലാം മണ്ഡലങ്ങളിലാണ് ജി.ഐ.എസ് സബ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുള്ളത്; ഇവ ഓരോന്നിനും കണക്കാക്കിയ ചെലവ് എത്ര വീതമാണെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് നിലവിൽ സ്ഥാപിച്ചിട്ടുള്ള ജി. ഐ. എസ് സബ്സ്റ്റേഷനുകൾ ചുവടെ ചേർക്കുന്നു.- Annexure* മേൽപ്പറഞ്ഞ സബ്സ്റ്റേഷനുകളിൽ ക്രമനമ്പർ 8-12 വരെ (പുതിയറ, ഫോർട്ട് കൊച്ചി, മറൈൻ ഡ്രൈവ്, എൽ.എ കോംപ്ലക്സ്, പവ്വർ ഹൗസ്)-യുള്ള 66 കെ.വി. ജി.ഐ.എസ് സബ്സ്റ്റേഷനുകൾ വളരെക്കാലം മുമ്പ് നിർമ്മാണ കരാർ നൽകി പൂർത്തിയാക്കിയവയാണ്. ആകയാൽ അടങ്കൽ തുകയുടെ വിശദാംശങ്ങൾ ലഭ്യമല്ല.

കാസർഗോഡ് ജില്ലയിൽ 33 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണം

227(5386) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ 33 കെ.വി സബ്സ്റ്റേഷൻ നിർമ്മിക്കാൻ ഏതെല്ലാം സ്ഥലങ്ങളാണ് കെ.എസ്.ഇ.ബി-യുടെ പരിഗണനയിലുള്ളതെന്ന് അറിയിക്കുമോ; വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) സബ്സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികളുടെ നിലവിലുള്ള സ്ഥിതി എന്താണെന്ന് വിശദമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.